# 109/2024-M

Maximum : 100 marks

Time : 1 മണിക്കൂർ 30 മിനിട്ട്

1. ഗാസയിൽ നടക്കുന്ന യുദ്ധത്തിൽ ജനരോഷം വർദ്ധിച്ചതിനാൽ ഇസ്രായേൽ പാസ്പോർട്ടുമായുള്ള സന്ദർശകരുടെ പ്രവേശനം നിരോധിച്ച രാജ്യം :
   - (A) ഇറാൻ
   - (B) മാലിദ്വീപ്
   - (C) ഇന്തോനേഷ്യ
   - (D) ശ്രീലങ്ക

2. താഴെ തന്നിരിക്കുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ ശരിയായ വ്യക്തിയാരാണെന്ന് തിരിച്ചറിയുക?
   - 'ദി ട്രാൻസ്ഫർ ഓഫ് പവർ ഇൻ ഇന്ത്യ' എന്ന ഗ്രന്ഥത്തിന്റെ കർത്താവ്
   - 1952-ൽ ഒറീസ്സയിൽ ഗവർണ്ണറായി ചുമതലയേറ്റു
   - സർദാർ പട്ടേലിനും നെഹ്റുവിനുമൊപ്പം നാട്ടുരാജ്യങ്ങളുടെ സംയോജനത്തിൽ നിർണ്ണായക പങ്കുവഹിച്ചു
   - സ്റ്റേറ്റ്സ് ഡിപ്പാർട്ട്മെന്റിൽ സെക്രട്ടറിയായി പ്രവർത്തിച്ചു

   - (A) വി.വി. ഗിരി
   - (B) കെ.എം. പണിക്കർ
   - (C) സി. ശങ്കരൻ നായർ
   - (D) വി.പി. മേനോൻ

3. താഴെ പറയുന്ന സ്ഥലങ്ങളിൽ NATO യുടെ ആസ്ഥാനം ഏതാണെന്ന് എഴുതുക :
   - (A) പാരീസ്
   - (B) ബ്രസൽസ്
   - (C) ബെർലിൻ
   - (D) ജനീവ

4. താഴെക്കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ ശരിയായവ തെരഞ്ഞെടുത്തെഴുതുക :
   - (i) സമത്വസമാജം - അയ്യങ്കാളി
   - (ii) ആത്മവിദ്യാസംഘം - വാഗ്ഭടാനന്ദൻ
   - (iii) സഹോദരപ്രസ്ഥാനം - ശ്രീനാരായണഗുരു
   - (iv) യോഗക്ഷേമസഭ - വി.ടി. ഭട്ടതിരിപ്പാട്

   - (A) (i) ഉം (ii) ഉം
   - (B) (iii) ഉം (iv) ഉം
   - (C) (ii) ഉം (iv) ഉം
   - (D) (iii) ഉം (i) ഉം

5. "ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം" നൽകുന്നതുമായി ബന്ധപ്പെട്ട് "മൌണ്ട് ബാറ്റൺ പദ്ധതിയിൽ" ഉൾപ്പെടാത്ത പ്രസ്താവന ഏതെന്ന് രേഖപ്പെടുത്തുക :

(i) ഏതൊക്കെ പ്രദേശങ്ങൾ പാക്കിസ്ഥാനിൽ ചേർക്കണമെന്ന് ബ്രിട്ടീഷ് പ്രധാനമന്ത്രി നിർദ്ദേശിക്കുന്നതാണ്

(ii) ബംഗാളിലെയും പഞ്ചാബിലെയും ഹിന്ദു-മുസ്ലീം സംസ്ഥാനങ്ങളുടെ അതിർത്തി നിർണ്ണയിക്കുന്നതിന് ഒരു അതിർത്തി നിർണ്ണയകമ്മീഷനെ നിയമിക്കുന്നതാണ്

(iii) പഞ്ചാബും ബംഗാളും രണ്ടായി വിഭജിക്കുന്നതാണ്

(iv) മുസ്ലീംങ്ങൾക്ക് ഭൂരിപക്ഷമുള്ള പ്രദേശത്ത് അവർ ആഗ്രഹിക്കുകയാണെങ്കിൽ ഒരു പ്രത്യേക രാജ്യം അനുവദിക്കുന്നതാണ്

(A) (i) മാത്രം

(B) (iii) ഉം (i) ഉം

(C) (ii) ഉം (iv) ഉം

(D) (ii) ഉം (i) ഉം

6. ഫ്രഞ്ച് വിപ്ലവവുമായി ബന്ധപ്പെട്ട ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക :

(i) ഞാനാണ് രാഷ്ട്രം - ലൂയി പതിനൊന്നാമൻ

(ii) എനിക്ക് ശേഷം പ്രളയം - ലൂയി പതിനഞ്ചാമൻ

(iii) നിങ്ങൾക്ക് റൊട്ടിയില്ലെങ്കിലെന്താ, കേക്ക് കഴിച്ചുകൂടേ - മേരി ആൺറായിനെറ്റ്

(A) (i), (iii) ശരി

(B) (ii), (iii) ശരി

(C) (i), (ii) ശരി

(D) (iii) മാത്രം ശരി

7. പെനിൻസുലർ ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ നദി ഏതാണ്?

(A) നർമ്മദ
(B) കൃഷ്ണ
(C) ഗോദാവരി
(D) മഹാനദി

8. പ്രൈം മെറിഡിയൻ ഏത് നഗരത്തിലൂടെയാണ് കടന്നുപോകുന്നത്?

(A) പാരീസ്
(B) ലണ്ടൻ
(C) ന്യൂയോർക്ക്
(D) ഗ്രീൻവിച്ച്

9. ഉത്തരായനരേഖ കടന്നുപോകാത്ത സംസ്ഥാനം ഏതാണ്?

(A) രാജസ്ഥാൻ (B) ഒഡീഷ
(C) ഗുജറാത്ത് (D) ത്രിപുര

10. ''എൽ നിനോ'' എന്നറിയപ്പെടുന്ന പ്രതിഭാസം ലോകത്തിന്റെ ഏത് പ്രദേശത്തെയാണ് പ്രധാനമായും ബാധിക്കുന്നത്?

(A) തെക്കുകിഴക്കൻ ഏഷ്യ (B) വടക്കേ അമേരിക്ക
(C) തെക്കേ അമേരിക്ക (D) ആഫ്രിക്ക

11. വേനൽക്കാലത്ത് വടക്കൻ സമതലങ്ങളിൽ വീശുന്ന കാറ്റിന്റെ പേരെന്താണ്?

(A) കൽബൈശാഖി
(B) ലൂ
(C) വാണിജ്യക്കാറ്റുകൾ
(D) മുകളിൽ കൊടുത്തിരിക്കുന്നതിൽ ഒന്നുമല്ല

12. കേരളത്തിലെ ആദ്യത്തെ റോഡ് ടണൽ ഏത് ജില്ലയിലാണ്?

(A) തൃശ്ശൂർ (B) പാലക്കാട്
(C) തിരുവനന്തപുരം (D) വയനാട്

13. 1991-ലെ ബാലൻസ് ഓഫ് പേയ്മെന്റ് പ്രതിസന്ധി മറികടക്കാൻ ഗവണ്മെന്റ് സ്വീകരിച്ച അടിയന്തിര നടപടി ഏതാണ്?

(A) വിദേശ കറൻസികൾക്കെതിരെയുള്ള രൂപയുടെ മൂല്യവർദ്ധനവ്
(B) താരിഫ് നിരക്കിൽ വരുത്തിയ വർദ്ധനവ്
(C) വിദേശ കറൻസികൾക്കെതിരെയുള്ള രൂപയുടെ മൂല്യച്യുതി
(D) വിദേശ നാണ്യവിപണിയിലെ രൂപയുടെ മൂല്യനിർണ്ണയം സർക്കാർ നിയന്ത്രണത്തിൽ നടപ്പാക്കുക

14. ഹരിതവിപ്ലവത്തിന്റെ നേട്ടങ്ങളെപ്പറ്റിയുള്ള പ്രസ്താവനകളിൽ ശരിയല്ലാത്തത് ഏത്?

(A) ഉത്പാദനത്തിലും ഉത്പാദനക്ഷമതയിലും ഉള്ള വർദ്ധനവ്
(B) വരുമാന വർദ്ധനവ്
(C) ഗ്രാമീണ അസമത്വം
(D) തൊഴിൽ വർദ്ധനവ്

15. സാമ്പത്തികപരിഷ്കരണാനന്തര കാലഘട്ടത്തിൽ പുറംകരാർ നൽകൽ (Outsourcing) രംഗത്ത് ഇന്ത്യ മുൻപന്തിയിൽ എത്താൻ സഹായിച്ച വസ്തുതകൾ ഏവ?

(i) വൈദഗ്ദ്ധ്യമേറിയ മനുഷ്യവിഭവങ്ങൾ

(ii) കുറഞ്ഞ വേതനനിരക്ക്

(iii) ദാരിദ്ര്യം

(iv) തൊഴിലില്ലായ്മ

(A) (i) മാത്രം

(B) (iii), (iv)

(C) (i), (ii)

(D) (ii), (iv)

16. ഇന്ത്യൻ കാർഷികരംഗത്തെക്കുറിച്ചുള്ള പ്രസ്താവനകളിൽ ശരിയല്ലാത്തത് ഏത്?

(A) സാമ്പത്തിക വികസനത്തിന്റെ അടിത്തറ

(B) ദേശീയവരുമാനത്തിന്റെ പ്രധാന പങ്ക്

(C) വ്യാവസായികവൽക്കരണത്തിന്റെ അടിത്തറ

(D) പ്രച്ഛന്ന തൊഴിലില്ലായ്മയുടെ മൂലകാരണം

17. ഇന്ത്യാ ഗവണ്മെന്റ് വിഭാവനം ചെയ്ത 'SWAYAM' പദ്ധതിയുടെ സവിശേഷത എന്താണ്?

(A) ഗ്രാമപ്രദേശങ്ങളിൽ സ്വയംസഹായസംഘങ്ങൾ വളർത്തുക

(B) യുവസംരംഭകർക്ക് സാമ്പത്തികമായും, സാങ്കേതികമായും സഹായം നൽകുക

(C) ശാരീരികമായും, മാനസികമായും വെല്ലുവിളി നേരിടുന്ന കൗമാരപ്രായത്തിലെ പെൺകുട്ടികളുടെ ഉന്നമനം

(D) പൌരന്മാർക്ക് ഗുണമേന്മയുള്ളതും, സൌജന്യവുമായ വിദ്യാഭ്യാസം നൽകുക

18. NITI ആയോഗിന്റെ ചുമതലകളിൽ ഉൾപ്പെടാത്ത പ്രസ്താവന ഏത്?

(A) ചെയർപേഴ്സൺ സ്ഥാനം അലങ്കരിക്കുന്നത് പ്രധാനമന്ത്രിയാണ്

(B) കേന്ദ്രസംസ്ഥാന സർക്കാറുകൾക്ക് സാങ്കേതികസഹായം നൽകുന്നു

(C) വിദഗ്ധോപദേശകസമിതി ആയി പ്രവർത്തിക്കുന്നു

(D) കേന്ദ്രസംസ്ഥാന സർക്കാറുകൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നു

19. പ്രധാനമന്ത്രിയുടെ MUDRA പദ്ധതി ലക്ഷ്യമിടുന്നതെന്താണ്?

(A) ചെറുകിട സംരംഭകരെ സമ്പദ്‌വ്യവസ്ഥയുടെ മുഖ്യധാരയിലേക്ക് എത്തിക്കുക
(B) ദരിദ്രകർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ കാർഷികവായ്പ അനുവദിക്കുക
(C) വൃദ്ധർക്കും നിരാലംബർക്കും സാമ്പത്തികസഹായം അനുവദിക്കുക
(D) നൈപുണിവികസനത്തിനും തൊഴിൽ പരിശീലനത്തിനുമായി സന്നദ്ധസംഘടനകൾക്ക് സാമ്പത്തികസഹായം നൽകുക

20. താഴെപ്പറയുന്നവയിൽ ദേശീയ ലീഗൽ സർവ്വീസ് അതോറിറ്റി സൌജന്യ നിയമ സേവനം നൽകുന്നതാർക്കൊക്കെ?

(i) സ്ത്രീകൾക്കും കുട്ടികൾക്കും
(ii) വ്യവസായശാലകളിലെ തൊഴിലാളികൾ
(iii) ഭിന്നശേഷിക്കാർ

(A) Only (ii) and (iii)
(B) Only (i) and (iii)
(C) Only (i) and (ii)
(D) All of the above ((i), (ii) and (iii))

21. മൌലികകർത്തവ്യങ്ങളുമായി ബന്ധപ്പെട്ട ചുവടെ ചേർക്കുന്ന ശരിയായ പ്രസ്താവന ഏത്?

(i) വകുപ്പ് 51 (A) യിൽ ഇവ പ്രതിപാദിക്കുന്നു
(ii) ഭാഗം III A - ഇവ ഉൾക്കൊള്ളിച്ചിരിക്കുന്നു
(iii) പന്ത്രണ്ട് മൌലിക കർത്തവ്യങ്ങളാണുള്ളത്

(A) Only (i) and (ii)
(B) Only (ii) and (iii)
(C) All of the above ((i), (ii), (iii))
(D) Only (i) and (iii)

22. ഭരണഘടനാ നിർമ്മാണസഭയുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവന ഏത്?

(i) സഭയിൽ പ്രധാനമായും ഒൻപത് കമ്മിറ്റികൾ ഉണ്ടായിരുന്നു
(ii) നെഹ്റു, പട്ടേൽ, അംബേദ്കർ തുടങ്ങിയവർ ഇതിന്റെ ചെയർമാന്മാരായിരുന്നു
(iii) അസംബ്ലിയിലെ മീറ്റിംഗുകൾ പൊതുജനങ്ങൾക്ക് കാണാവുന്ന തരത്തിലായിരുന്നു

(A) Only (ii) and (iii)
(B) Only (i) and (ii)
(C) Only (i) and (iii)
(D) All of the above ((i), (ii) and (iii))

23. ഇന്ത്യൻ ഭരണഘടന അമേരിക്കൻ ഭരണഘടനയിൽ നിന്നും കടമെടുത്ത ആശയങ്ങളിൽ ശരിയേത്?

(i) നിർദ്ദേശക തത്വങ്ങൾ

(ii) മൌലിക അവകാശങ്ങൾ

(iii) നിഷ്പക്ഷമായ നീതിന്യായ വ്യവസ്ഥ

(A) All of the above ((i), (ii) and (iii))

(B) Only (i) and (iii)

(C) Only (ii) and (iii)

(D) Only (i) and (ii)

24. ഇന്ത്യൻ ഭരണഘടന ബ്രിട്ടീഷ് ഭരണഘടനയിൽ നിന്നും കടമെടുത്തിട്ടുള്ള ആശയങ്ങൾ ഏവ?

(i) അർദ്ധഫെഡറൽ സമ്പ്രദായം

(ii) കേവല ഭൂരിപക്ഷസമ്പ്രദായം

(iii) നിയമനിർമ്മാണ പ്രക്രിയ

(A) Only (i) and (ii)

(B) Only (ii) and (iii)

(C) Only (i) and (iii)

(D) All of the above ((i), (ii) and (iii))

25. ഭരണഘടനയിലെ 19-ാം വകുപ്പ് പ്രകാരം ശരിയായ പ്രസ്താവന ഏത്?

(i) സഞ്ചാരസ്വാതന്ത്ര്യം

(ii) വിദ്യാഭ്യാസത്തിനുള്ള സ്വാതന്ത്ര്യം

(iii) സംഘടനാരൂപീകരണത്തിനുള്ള സ്വാതന്ത്ര്യം

(A) Only (i) and (ii)

(B) Only (i) and (iii)

(C) Only (ii) and (iii)

(D) All of the above ((i), (ii) and (iii))

26. ദേശീയ മനുഷ്യാവകാശ കമ്മീഷനുമായി ബന്ധപ്പെട്ട് താഴെപ്പറയുന്നതിൽ ശരിയായ പ്രസ്താവന ഏത്?

(i) കമ്മീഷനിൽ അഞ്ച് അംഗങ്ങളാണുള്ളത്

(ii) സുപ്രീംകോടതിയിലെ മുൻജഡ്ജി ഒരു അംഗമാണ്

(iii) ഹൈക്കോടതിയിലെ മുൻ ജഡ്ജി മറ്റൊരു അംഗമാണ്

(A) Only (i) and (iii)

(B) All of the above ((i), (ii) and (iii))

(C) Only (ii) and (iii)

(D) Only (i) and (ii)

27. കേവലഭൂരിപക്ഷ സമ്പ്രദായവുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവന ഏത്?

(i) ഈ സമ്പ്രദായത്തിൽ ഒരു പാർട്ടിക്ക് പാർലമെന്റിൽ കൂടുതൽ സീറ്റുകളും എന്നാൽ കുറച്ച് വോട്ടുകളും ലഭിക്കാം

(ii) ഒരു പാർട്ടിക്ക് ലഭിക്കുന്ന വോട്ടുകളും സീറ്റുകളും തുല്യമായിരിക്കും

(iii) കേവലഭൂരിപക്ഷ സമ്പ്രദായത്തിന് ഉദാഹരണം ബ്രിട്ടനും ഇന്ത്യയുമാണ്

(A) Only (i) and (iii)

(B) Only (ii) and (iii)

(C) Only (i) and (ii)

(D) All of the above ((i), (ii) and (iii))

28. തിരഞ്ഞെടുപ്പ് കമ്മീഷനുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന ഏത്?

(i) ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷന്റെ അദ്ധ്യക്ഷൻ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണറാണ്

(ii) മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർക്കും മറ്റു അംഗങ്ങൾക്കും തുല്യ അധികാരങ്ങളാണുള്ളത്

(iii) അംഗങ്ങളെ നിയമിക്കുന്നത് ഇന്ത്യൻ പ്രസിഡന്റാണ്

(A) Only (ii) and (iii)

(B) Only (i) and (iii)

(C) Only (i) and (ii)

(D) All of the above ((i), (ii), (iii))

29. ഉപരാഷ്ട്രപതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന ശരിയായ പ്രസ്താവന ഏത്?

(i) ഉപരാഷ്ട്രപതിയെ അഞ്ചു വർഷത്തേക്കാണ് തിരഞ്ഞെടുക്കുന്നത്

(ii) ഉപരാഷ്ട്രപതി രാജ്യസഭാ അദ്ധ്യക്ഷനാണ്

(iii) പ്രസിഡന്റിനെ തിരഞ്ഞെടുക്കുന്നതുപോലെയാണ് ഉപരാഷ്ട്രപതിയെ തിരഞ്ഞെടുക്കുന്നത്

(A) Only (i) and (iii)

(B) Only (ii) and (iii)

(C) All of the above ((i), (ii) and (iii))

(D) Only (i) and (ii)

30. ഭരണഘടനയിലെ 73-ാം ഭേദഗതിയുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവന ഏത്?

(i) പഞ്ചായത്ത് രാജ് സമ്പ്രദായത്തെക്കുറിച്ച് പ്രതിപാദിക്കുന്നു

(ii) 12-ാം ഷെഡ്യൂളിൽ 73-ാം ഭേദഗതി ഉൾപ്പെടുത്തിയിരിക്കുന്നു

(iii) ത്രിതല ഭരണസംവിധാനം പ്രദാനം ചെയ്യുന്നു

(A) Only (i) and (ii)

(B) Only (ii) and (iii)

(C) Only (i) and (iii)

(D) All of the above ((i), (ii) and (iii))

31. എൻഫോഴ്സ്മെന്റ് ഡയറക്ടറുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവന ഏത്?

(i) സാമ്പത്തിക കുറ്റകൃത്യരഹസ്യാന്വേഷണവുമായി ബന്ധപ്പെട്ട് രൂപീകരിക്കപ്പെട്ടത്

(ii) ധനകാര്യമന്ത്രാലയത്തിലെ റവന്യൂ വകുപ്പിന്റെ ഭാഗമായിട്ടാണ് പ്രവർത്തിക്കുന്നത്

(iii) രാഹുൽ നവീനാണ് ഇപ്പോഴത്തെ പ്രത്യേക ഡയറക്ടറുടെ ചുമതല വഹിക്കുന്നത്

(A) Only (ii) and (iii)

(B) Only (i) and (iii)

(C) All of the above ((i), (ii) and (iii))

(D) Only (i) and (ii)

32. താഴെ പറയുന്ന പ്രസ്താവനകളിൽ ശരിയായതേത്?

(i) മുഖ്യമന്ത്രിയെ നിയമിക്കുന്നത് സംസ്ഥാനത്തെ ഗവർണറാണ്

(ii) മന്ത്രിസഭയെ ഗവർണർ മുഖ്യമന്ത്രിയുടെ ഉപദേശപ്രകാരം നിയമിക്കുന്നു

(iii) മന്ത്രിസഭയ്ക്ക് ഗവർണറോട് കൂട്ടുത്തരവാദിത്വമുണ്ട്

(A) Only (ii) and (iii)

(B) Only (i) and (iii)

(C) All of the above ((i), (ii) and (iii))

(D) Only (i) and (ii)

33. ചുവടെ ചേർക്കുന്ന പ്രസ്താവനകളിൽ ശരിയേത്?

(i) കേന്ദ്രമന്ത്രിസഭയുടെ ഉപദേശ പ്രകാരം രാഷ്ട്രപതിയാണ് ഗവർണറെ നിയമിക്കുന്നത്

(ii) ഭരണകാര്യങ്ങളിൽ ഗവർണർ മുഖ്യമന്ത്രിയെ സഹായിക്കുന്നു

(iii) സംസ്ഥാന ഭരണനിർവ്വഹണവിഭാഗത്തിന്റെ തലവൻ ഗവർണറാണ്

(A) Only (i) and (iii)

(B) Only (i) and (ii)

(C) All of the above ((i), (ii) and (iii))

(D) Only (ii) and (iii)

34. താഴെ പറയുന്നവയിൽ മനുഷ്യദഹന വ്യവസ്ഥയുടെ പ്രവർത്തനം അല്ലാത്തത് ഏത്?

(A) ഭക്ഷണത്തെ ചെറിയ തന്മാത്രകളാക്കി മാറ്റുക

(B) പോഷകങ്ങൾ രക്തചംക്രമണത്തിലേക്ക് ആഗിരണം ചെയ്യുക

(C) ശരീരതാപനില നിയന്ത്രിക്കുക

(D) ശരീരത്തിൽനിന്ന് മാലിന്യങ്ങൾ നീക്കം ചെയ്യുക

35. താഴെ പറയുന്നവയിൽ കാൽസ്യത്തിന്റെ അഭാവം മൂലം ഉണ്ടാകുന്ന രോഗം ഏത്?

(A) ഓസ്റ്റിയോപോറോസിസ്

(B) പെല്ലാഗ്ര

(C) ബെറിബെറി

(D) നിശാന്ധത

36. ഭൂമിയുടെ ശ്വാസകോശം എന്നറിയപ്പെടുന്നത് :

(A) സമുദ്രങ്ങൾ

(B) മഴക്കാടുകൾ

(C) ഹിമാലയ പർവ്വതനിര

(D) മരുഭൂമികൾ

37. ഏതു തരം കൊഴുപ്പിനെയാണ് ആരോഗ്യകരമായ കൊഴുപ്പായി കണക്കാക്കുന്നത്?

(A) പൂരിത കൊഴുപ്പ്

(B) ട്രാൻസ് കൊഴുപ്പ്

(C) അപൂരിത കൊഴുപ്പ്

(D) എല്ലാം

38. ജനിതക എഡിറ്റിംഗ് സാങ്കേതികതയായ CRISPR – Cas9 ഏത് മേഖലയിലാണ് വലിയ പ്രതീക്ഷ നൽകുന്നത്?

(A) കൃഷി

(B) ക്യാൻസർ ചികിത്സ

(C) കൃത്രിമ ബുദ്ധി

(D) എല്ലാം

39. മനുഷ്യശരീരത്തിലെ ഏറ്റവും വലിയ ധമനി ഏതാണ്?

(A) ഫെമോറൽ ധമനി

(B) കരോറ്റിഡ് ധമനി

(C) അയോർട്ട

(D) വീനകാവ

40. ഡെങ്കി പനി പരത്തുന്നത് ഏത് തരം കൊതുകുകൾ ആണ്?

(A) അനോഫിലസ്

(B) ഈഡിസ് ഈജിപ്റ്റി

(C) ക്യൂലക്സ്

(D) ഏഷ്യൻ ടൈഗർ കൊതുകുകൾ

41. ലോകാരോഗ്യ സംഘടന (WHO) യുടെ ആസ്ഥാനം എവിടെയാണ്?

(A) ചൈന

(B) ഇന്ത്യ

(C) അമേരിക്ക

(D) സ്വിറ്റ്സർലൻഡ്

42. ഗുരുത്വാകർഷണം മൂലമുള്ള ത്വരണം (g) യെ സംബന്ധിച്ച് താഴെപ്പറയുന്ന പ്രസ്താവനകളിൽ ശരിയായവ ഏതെല്ലാം?

(i) ധ്രുവപ്രദേശങ്ങളിൽ 'g' യ്ക്ക് പരമാവധി മൂല്യം ഉണ്ട്

(ii) ഭൂമദ്ധ്യരേഖാപ്രദേശത്ത് 'g' യ്ക്ക് പരമാവധി മൂല്യം ഉണ്ട്

(iii) ഭൂകേന്ദ്രത്തിൽ 'g' യുടെ വില 'പൂജ്യം' ആയിരിക്കും

(A) (i) and (ii)

(B) (ii) and (iii)

(C) (i) and (iii)

(D) (i), (ii) and (iii)

43. 'h' ഉയരത്തിൽ നിന്നും താഴേക്ക് പതിക്കുന്ന ഒരു വസ്തു പകുതി ദൂരം (h/2) സഞ്ചരിച്ചു കഴിയുമ്പോൾ അതിന്റെ സ്ഥിതികോർജ്ജവും ഗതികോർജ്ജവും തമ്മിലുള്ള അനുപാതം എത്രയായിരിക്കും?

(A) 2 : 1 (B) 1 : 2

(C) 1 : 4 (D) 1 : 1

44. താഴെപ്പറയുന്ന മാധ്യമങ്ങളെ അവയിലൂടെയുള്ള ശബ്ദതരംഗങ്ങളുടെ പ്രവേഗത്തിന്റെ അടിസ്ഥാനത്തിൽ ആരോഹണക്രമത്തിൽ എഴുതുക :

(i) ശുദ്ധജലം

(ii) വായു

(iii) സമുദ്രജലം

(A) (ii), (i), (iii)

(B) (i), (iii), (ii)

(C) (iii), (i), (ii)

(D) (ii), (iii), (i)

45. ഇന്ത്യയുടെ സൌരമിഷനായ ആദിത്യ $L_1$ ന് ഭൂമിയിൽ നിന്നുള്ള അകലം ഭൂമിയും സൂര്യനും തമ്മിലുള്ള അകലത്തിന്റെ എത്ര ശതമാനമാണ്?

(A) 1.5% (B) 2%

(C) 10% (D) 1%

46. താഴെപ്പറയുന്നവയിൽ ഇന്ത്യയിലെ സൌരോർജ്ജവികസനത്തിനായുള്ള സ്ഥാപനം/പദ്ധതി അല്ലാത്തത് ഏതാണ്?

(i) NSM

(ii) NLCIL

(iii) NISE

(A) (i)

(B) (iii)

(C) (ii)

(D) ഇവയെല്ലാം

47. താഴെപ്പറയുന്നവയിൽ ഏത് സംയുക്തത്തിന്റെ നിർമ്മാണത്തിനാണ് സ്പോഞ്ചി അയൺ ഉൽപ്രേരകമായി ഉപയോഗിക്കുന്നത്?

(A) യൂറിയ

(B) സൾഫർ ട്രൈഓക്സൈഡ്

(C) അമോണിയ

(D) നൈട്രിക് ആസിഡ്

48. കലാമിൻ എന്നത് ഏത് ലോഹത്തിന്റെ അയിരാണ്?

(A) അലുമിനിയം

(B) ചെമ്പ്

(C) ഇരുമ്പ്

(D) സിങ്ക്

49. താഴെപ്പറയുന്നവയിൽ തെറ്റായ പ്രസ്താവന ഏത്?

(A) ന്യൂട്രോൺ ഇല്ലാത്ത മൂലകമാണ് ഹൈഡ്രജൻ

(B) ഇലക്ട്രോനെഗറ്റിവിറ്റി ഏറ്റവും കൂടുതലുള്ള മൂലകം ഫ്ലൂറിനാണ്

(C) ആറ്റോമിക നമ്പർ, മാസ്സ് നമ്പർ എന്നിവ വ്യത്യസ്തമായ മൂലകമാണ് ഹൈഡ്രജൻ

(D) ഡ്രൈസെൽ ഇലക്ട്രോഡായി ഉപയോഗിക്കുന്ന മൂലകമാണ് സിങ്ക്

50. ഇന്ത്യയിലെ ആദ്യത്തെ ബ്രെയിൻ ഹെൽത്ത് ക്ലിനിക് ആരംഭിച്ച സ്ഥലം ഏത്?

(A) മുംബൈ

(B) ബാംഗ്ലൂർ

(C) പൂനെ

(D) ഡൽഹി

51. താഴെപ്പറയുന്നവയിൽ ഏതാണ് ചന്ദ്രയാൻ-3 മിഷൻ റോവർ?

(A) ഭീം
(B) വിക്രം
(C) ധ്രുവ്
(D) പ്രഗ്യാൻ

52. കൂത്തിന് ഉപയോഗിക്കുന്ന പ്രധാന വാദ്യമേത്?

(A) മൃദംഗം
(B) തബല
(C) വീണ
(D) മിഴാവ്

53. 1923-ൽ രചിക്കപ്പെട്ട 'ഭൂതരായർ' എന്ന നോവലിന്റെ കർത്താവ് ആര്?

(A) സി.വി. രാമൻപിള്ള
(B) രാമവർമ്മ അപ്പൻ തമ്പുരാൻ
(C) അപ്പു നെടുങ്ങാടി
(D) കെ. സരസ്വതി അമ്മ

54. വെട്ടത്തു സമ്പ്രദായം ഏത് കലാരൂപവുമായി ബന്ധപ്പെട്ടതാണ്?

(A) ചാക്യാർകൂത്ത്
(B) മുടിയേറ്റ്
(C) കഥകളി
(D) പാഠകം

55. മഹാകവി പി. കുഞ്ഞിരാമൻ നായരെ കുറിച്ച് മേഘരൂപൻ എന്ന കവിത എഴുതിയത് ആര്?

(A) ആറ്റൂർ രവിവർമ്മ
(B) റഫീക്ക് അഹമ്മദ്
(C) വി.എം. ഗിരിജ
(D) മുരുകൻ കാട്ടാക്കട

56. കേരളം ആദ്യമായി സന്തോഷ് ട്രോഫി ഫുട്ബോൾ കിരീടം നേടിയ വർഷം ഏത്?

(A) 1970
(B) 1973
(C) 1976
(D) 1971

57. 2023 അണ്ടർ 17 FIFA ലോകകപ്പിന് ആതിഥേയത്വം വഹിച്ചത് ഏതു രാജ്യം?

(A) ഇന്ത്യ
(B) ഇന്തോനേഷ്യ
(C) ഖത്തർ
(D) ദക്ഷിണകൊറിയ

58. മലയാള വിഭാഗത്തിൽ കേന്ദ്ര സാഹിത്യ അക്കാദമിയുടെ 2023-ലെ ബാലസാഹിത്യ പുരസ്കാരം ലഭിച്ചത് ആർക്ക്?

(A) പി. നരേന്ദ്രനാഥ്

(B) കിളിരൂർ രാധാകൃഷ്ണൻ

(C) പ്രിയ എ.എസ്.

(D) സിപ്പി പള്ളിപ്പുറം

59. സെൻസിറ്റീവായ ബാങ്ക്/ഓൺലൈൻ പേയ്മെന്റ് വിവരങ്ങൾ ആവശ്യപ്പെട്ട് ഏതെങ്കിലും അജ്ഞാത വ്യക്തി/സ്ഥാപനം വിശ്വസനീയവും ആകർഷകവുമായ രീതിയിൽ നിങ്ങൾക്ക് മെയിൽ അയയ്ക്കുമ്പോൾ, ഇത് ———— ആണ്.

(A) സ്പാം

(B) ഹാക്കിംഗ്

(C) ഫിഷിംഗ്

(D) വൈറസ്

60. പാക്കറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ പ്രോസസ്സ് ചെയ്തുകൊണ്ട് ഇനിപ്പറയുന്ന ഉപകരണങ്ങളിൽ ഏതാണ് നെറ്റ്‌വർക്കുകൾക്കിടയിൽ പാക്കറ്റുകൾ ഫോർവേഡ് ചെയ്യുന്നത് :

(A) ഫയർവാൾ

(B) ബ്രിഡ്ജ്

(C) ഹബ്ബ്

(D) റൂട്ടർ

61. ———— ഒരു നിർദ്ദിഷ്ട പ്രശ്നം പരിഹരിക്കുന്നതിനോ അല്ലെങ്കിൽ ഒരു നിർദ്ദിഷ്ട ജോലി ചെയ്യുന്നതിനോ രൂപകൽപ്പന ചെയ്തിട്ടുള്ളതാണ്.

(A) ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ

(B) സിസ്റ്റം സോഫ്റ്റ്‌വെയർ

(C) യൂട്ടിലിറ്റി സോഫ്റ്റ്‌വെയർ

(D) യൂസർ

62. Daam ഒരു ———— ആണ്.

(A) ബാക്ടീരിയ

(B) മാൽവെയർ

(C) സൂപ്പർ കമ്പ്യൂട്ടർ

(D) ക്രിപ്റ്റോകറൻസി

63. യഥാർത്ഥ ലോകത്ത് വെർച്ച്യുൽ ഒബ്ജക്റ്റുകൾ ഓവർലൈഡ് ചെയ്യാൻ അനുവദിക്കുന്ന സാങ്കേതികവിദ്യയുടെ പേര് എന്താണ്?

(A) ആർട്ടിഫിഷ്യൽ ഇന്റലിജൻസ്

(B) മെഷീൻ ലേണിംഗ്

(C) ഓഗ്മെന്റഡ് റിയാലിറ്റി

(D) വെർച്വൽ റിയാലിറ്റി

64. ഉപഭോക്തൃ സംരക്ഷണ നിയമം, 2019 പ്രകാരം ഏത് ഉപഭോക്തൃ അവകാശം ഉറപ്പുനൽകുന്നില്ല ?

(A) തിരഞ്ഞെടുക്കാനുള്ള അവകാശം

(B) ചൂഷണത്തിനുള്ള അവകാശം

(C) കേൾക്കാനുള്ള അവകാശം

(D) പരിഹാരം തേടാനുള്ള അവകാശം

65. ദേശീയ വനിതാ കമ്മീഷന്റെ പ്രവർത്തനങ്ങൾ ഇതിൽ വ്യക്തമാക്കിയിരിക്കുന്നു :

(A) 1990-ലെ ദേശീയ വനിതാ കമ്മീഷൻ നിയമത്തിന്റെ 10-ാം വകുപ്പ്

(B) 1990-ലെ ദേശീയ വനിതാ കമ്മീഷൻ നിയമത്തിന്റെ 15-ാം വകുപ്പ്

(C) 1990-ലെ ദേശീയ വനിതാ കമ്മീഷൻ നിയമത്തിൻറെ 12-ാം വകുപ്പ്

(D) 1990-ലെ ദേശീയ വനിതാ കമ്മീഷൻ നിയമത്തിന്റെ 3-ാം വകുപ്പ്

66. ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീകളുടെ സംരക്ഷണനിയമം, 2005 പ്രകാരം ഇരകളെ നേരിട്ട് ഉപദേശിക്കാൻ ആർക്കാകും?

(A) മജിസ്ട്രേറ്റ്

(B) സംസ്ഥാന ഗവ.

(C) പ്രാദേശിക എൻ.ജി.ഒ.

(D) പ്രൊട്ടക്ഷൻ ഓഫീസർമാർ

67. 2005-ലെ വിവരാവകാശ നിയമത്തിന്റെ 2-ാം വകുപ്പിൽ ഇനിപ്പറയുന്നവയ്ക്കുള്ള അവകാശം ഉൾപ്പെടുന്നു :

(A) ജോലി, രേഖകൾ എന്നിവയുടെ പരിശോധന

(B) രേഖകളുടെയോ ചാർജ്ജുകൾ, എക്സ്ട്രാക്റ്റുകൾ അല്ലെങ്കിൽ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എടുക്കൽ

(C) മെറ്റീരിയലിന്റെ സാക്ഷ്യപ്പെടുത്തിയ സാമ്പിളുകൾ എടുക്കൽ

(D) മുകളിൽ പറഞ്ഞവയെല്ലാം

68. 2012-ലെ കുട്ടികളുടെ ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്നുള്ള സംരക്ഷണ നിയമപ്രകാരമുള്ള കുറ്റം പ്രത്യേക കോടതി വിചാരണ ചെയ്തശേഷം, ഇരയായ കുട്ടിയുടെ തെളിവുകൾ ഇനിപ്പറയുന്ന പരിധിക്കുള്ളിൽ രേഖപ്പെടുത്തണം.

(A) 60 ദിവസം

(B) 30 ദിവസം

(C) 90 ദിവസം

(D) 1 വർഷം

69. പോക്സോ നിയമപ്രകാരം കുട്ടി ആരാണ്?

(A) 18 വയസ്സിന് താഴെയുള്ള ഏതൊരു വ്യക്തിയും

(B) 16 വയസ്സിന് താഴെയുള്ള ഏതൊരു വ്യക്തിയും

(C) 14 വയസ്സിന് താഴെയുള്ള ഏതൊരു വ്യക്തിയും

(D) 10 വയസ്സിന് താഴെയുള്ള ഏതൊരു വ്യക്തിയും

70. ദേശീയ വനിതാ കമ്മീഷൻ 2024-ന്റെ അദ്ധ്യക്ഷൻ ആരാണ്?

(A) രേഖ ശർമ്മ

(B) ജയന്തി പട്നായിക്

(C) മംമ്ത ശർമ്മ

(D) ലളിത കുമാരമംഗലം

**71.** ഒരു ബഹുഭുജത്തിന്റെ പുറംകോണുകളുടെ തുക അതിന്റെ അകകോണുകളുടെ തുകയുടെ 2 മടങ്ങാണ്. എങ്കിൽ ബഹുഭുജത്തിന് എത്ര വശങ്ങളുണ്ട്?

(A) 4
(B) 3
(C) 6
(D) 5

**72.** 12 വശങ്ങൾ ഉള്ള ഒരു ബഹുഭുജത്തിന്റെ അകകോണുകളുടെ തുക എത്ര?

(A) 1200
(B) 1600
(C) 1800
(D) 2100

**73.** 2, 5, 8, .... എന്ന ശ്രേണിയിലെ എത്രാമത്തെ പദത്തിന്റെ വർഗ്ഗമാണ് 2500?

(A) 14
(B) 15
(C) 16
(D) 17

**74.** 8% വാർഷിക കൂട്ടുപലിശ കണക്കാക്കുന്ന ഒരു ബാങ്കിൽ 25,000 രൂപ നിക്ഷേപിച്ചാൽ 2 വർഷങ്ങൾക്ക് ശേഷം കിട്ടുന്ന പലിശ എത്ര?

(A) 4,000
(B) 4,160
(C) 5,160
(D) 5,260

**75.** $\left(2\frac{1}{2}\right)^2 - \left(1\frac{1}{2}\right)^2 =$

(A) 3
(B) 4
(C) $3\frac{1}{2}$
(D) $4\frac{1}{2}$

76. $1\times2, 2\times3, 3\times4,$ ….. എന്ന ശ്രേണിയിലെ ആദ്യത്തെ 10 പദങ്ങളുടെ തുക :

(A) 340
(B) 430
(C) 440
(D) 540

77. ഒരു ചതുർഭുജത്തിലെ കോണളവുകൾ 1 : 2 : 3 : 4 ആയാൽ വലിയ കോൺ എത്ര?

(A) 102
(B) 144
(C) 134
(D) 154


78. ഒരു സംഖ്യയോട് 1 കൂട്ടിയതിന്റെ വർഗ്ഗമൂലത്തിന്റെ വർഗ്ഗമൂലം 3 ആയാൽ സംഖ്യ എത്ര?

(A) 60
(B) 70
(C) 80
(D) 90

79. ഒരു വൃത്തസ്തൂപികയുടെ ആരം 2 മടങ്ങും ഉന്നതി 3 മടങ്ങും വർദ്ധിപ്പിച്ചാൽ വ്യാപ്തം എത്ര മടങ്ങായി വർദ്ധിക്കും?

(A) 9
(B) 10
(C) 11
(D) 12

80. ചിത്രത്തിൽ $\overset{\frown}{ACB}$ യുടെ അളവ് $260^\circ$ ആയാൽ $\angle ACB$ യുടെ അളവ് എത്ര?




(A) $100^\circ$
(B) $50^\circ$
(C) $40^\circ$
(D) $30^\circ$

**81.** Find out the correct spelling :

(A) handkerchiefes
(B) handkerchiefs
(C) handkerchieves
(D) handkerchives

**82.** What is the meaning of 'a dog in the manger policy'?

(A) a person who considers others very low in status
(B) a hypocratic person
(C) a person who is very loyal to his master
(D) a man who prevents others from enjoying something

**83.** Spot the error :

Although he left home early (A) / but he (B) / reached school late (C) / No error (D)

**84.** 'Fascimile' means :

(A) fake
(B) exact copy
(C) at its zenith
(D) wide view

**85.** Naveen said, "Need I go at once"? (Change into reported speech)

(A) Naveen said if he had to go just then
(B) Naveen asked if I had to go just then
(C) Naveen requested if he had to go just then
(D) Naveen asked if he had to go just then

**86.** None of the workmen arrived, ————?

(A) do they?
(B) don't they?
(C) did they?
(D) didn't they?

**87.** 'Leptospirosis' is related with ————.

(A) cat
(B) rat
(C) tiger
(D) cow

**88.** ———— bird in hand is worth two in ———— bush.

(A) a, a
(B) the, a
(C) the, the
(D) a, the

**89.** He is being accused ———— theft.

(A) of
(B) with
(C) in
(D) to

**90.** They have contacted everyone concerned (Change the voice) :

(A) Everyone have been contacted
(B) Everyone concerned have been contacted
(C) Everyone concerned has been contacted
(D) Everyone concerned is being contacted

91. താഴെ പറയുന്നവയിൽ ശരിയായ വാക്യപ്രയോഗമേത്?

(A) കുട്ടികൾക്ക് കളിക്കുന്നതിനും പഠിക്കാനും വേണ്ട അവസരങ്ങൾ നൽകേണ്ടതാണ്

(B) കുട്ടികൾക്ക് പഠിക്കുന്നതിനും കളിക്കാനുമുള്ള അവസരങ്ങൾ നൽകേണ്ടതാണ്

(C) കുട്ടികൾക്ക് പഠിക്കുന്നതിനും കളിക്കുന്നതിനുമുള്ള അവസരങ്ങൾ നൽകേണ്ടതാണ്

(D) കുട്ടികൾക്ക് പഠിക്കുന്നതിനോടൊപ്പം കളിക്കുന്നതിനുമുള്ള അവസരം കൂടി നൽകേണ്ടതാണ്

92. താഴെപ്പറയുന്നവയിൽ പൂജകബഹുവചനത്തിന് ഉദാഹരണം :

(A) സ്വാമികൾ (B) അവർ

(C) അവൻ (D) അത്

93. "വേദത്തെ സംബന്ധിച്ചത്" ശരിയായ ഒറ്റപ്പദമേത്?

(A) വൈദികം (B) വേദത്വം

(C) വേദി (D) വേദപം

94. 'ക്ഷണികം' എന്ന പദത്തിന്റെ വിപരീതപദം ഏതാണ്?

(A) അക്ഷണികം (B) ശാശ്വതം

(C) നശ്വരം (D) നൈമിഷികം

95. താഴെപ്പറയുന്നവയിൽ 'നിലാവ്' എന്ന പദത്തിന്റെ ശരിയായ പര്യായ പദങ്ങൾ ഏവ?

(A) നിലാവ് - ചന്ദ്രിക, കൌമുദി (B) നിലാവ് - തിങ്കൾ, ഭാസ്ക്കരൻ

(C) നിലാവ് - നിശീഥിനി, രാവ് (D) നിലാവ് - താര, താരകം

96. 'അമ്പലം വിഴുങ്ങുക' എന്ന ശൈലിയുടെ അർത്ഥം താഴെ തന്നിരിക്കുന്ന ഉത്തരങ്ങളിൽ നിന്നും കണ്ടെത്തുക :

(A) മുഴുവൻ കൊള്ളയടിക്കുക (B) അമ്പലത്തെ വിഴുങ്ങുക

(C) അമ്പലം ചുറ്റുക (D) എല്ലാം നശിപ്പിക്കുക

97. താഴെ തന്നിരിക്കുന്നവയിൽ നിന്ന് ശരിയായ പദം കണ്ടെത്തുക :

(A) ഭഗവധ്ഗീത (B) ഭഗവത്ഗീത

(C) ഭഗവദ്ഗീത (D) ഭഗവന്ഗീത

98. 'വിണ്ടലം' ശരിയായ രീതിയിൽ പദം ചേർത്തെഴുതിയിരിക്കുന്നത് ഏതാണ്?

(A) വിൺ + തലം (B) വിണ്ണ് + തലം

(C) വിണ്ട് + തലം (D) വിൺ + ടലം

99. 'തലവേദന' എന്ന പദത്തിന്റെ ശരിയായ ഘടകപദങ്ങളേത്?

(A) തലയുടെ വേദന (B) തലയും വേദനയും

(C) തലയിലെ വേദന (D) തലയ്ക്കുള്ള വേദന

100. ചന്ദനം എന്ന വാക്കിന് സമാനമായ പദം ഏത്?

(A) കാഞ്ചനം (B) മാലേയം

(C) കോടീരം (D) ഗോരോചനം

SPACE FOR ROUGH WORK

**SPACE FOR ROUGH WORK**